# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 895 — 13/06/2012 ൽ മറുപടിയ്ക്ക്

## വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഉദ്ഘാടനം കഴിഞ്ഞ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ ഈ അദ്ധ്യയനവർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുമോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) | ഈ അദ്ധ്യയനവർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. ഇതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. വകുപ്പുതല പ്രചരണത്തിനായി എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം ബ്രാഞ്ചുകളിലായി എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്നത് ; | (ബി) | ബാംഗ്ലൂർ ആസ്ഥാനമായുള്ള NTTF (Nettur Technical Training Foundation) എന്ന സ്ഥാപനം Industrial Sector – ലേയ്ക്ക് വേണ്ടി രൂപകല്പന ചെയ്ത (Certificate Course in Precision Machinist) CCPM എന്ന കോഴ്സിലേയ്ക്ക് 20 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. |
| (സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പുറമെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റ് സമുദായത്തിലെ കുട്ടികൾക്കും കൂടി ഒരു നിശ്ചിത ശതമാനം സീറ്റിൽ പ്രവേശനം നൽകുമോ ; | (സി) | ആകെ സീറ്റിൽ **70%** പട്ടികജാതി വിഭാഗക്കാർക്കും **10%** പട്ടികവർഗ്ഗ വിഭാഗക്കാർക്കും **20%** മറ്റു വിഭാഗം വിദ്യാർത്ഥികൾക്കുമായി പ്രവേശനം നൽകുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഈ സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നത് ഏത് പരീക്ഷാ ബോർഡാണ്; പ്രസ്തുത സർട്ടിഫിക്കറ്റുകൾ നിലവിലുള്ള ഏത് സർട്ടിഫിക്കറ്റുകൾക്ക് തുല്യമായിരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഈ സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കുന്നവർക്ക് NTTF ന്റെ പരീക്ഷാ വിഭാഗമാണ് പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. വ്യവസായശാലകളിലെ ജോലികൾക്കായി പ്രത്യേകം രൂപകല്പന ചെയ്ത ടി കോഴ്സിന് തത്തുല്യമായ മറ്റു കോഴ്സുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ